"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2400 12.03.2020 ൽ മറുപടിയ്ക്ക്

<u>വനത്തിനുള്ളിൽ ചെക്കുഡാമുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, സി.മമ്മൂട്ടി<br>,, എം. സി. കമറുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി കൂട്ടത്തോടെ നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ചെക്കുഡാമുകൾ പണിയണമെന്ന നിർദ്ദേശത്തിന് അനുസൃതമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ചെക്കുഡാമുകൾ പണിയണമെന്ന നിർദ്ദേശത്തിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് അവ ഉപയോഗപ്രദവുമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതി നടപ്പിലാക്കു ന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?. | (ബി) | നാളിതുവരെ 151 ചെക്ക് ഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, പഴയ ചെക്ക് ഡാമുകളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ച് വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പഴക്കംചെന്നവ നവീകരിക്കുകയും ചെയ്യുന്നു. കൂടാതെ, വനത്തിനുള്ളിൽ മൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളി നീക്കംചെയ്യുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഇതിന് പുറമെ അനുയോജ്യമായ സ്ഥലങ്ങളിൽ ഗള്ളി പ്ലഗ്ഗിംഗ് പ്രവർത്തികളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.